(7 pages) **Reg. No. : ..............................**

**Code No. : 12556** **Sub. Code : G 1 MY 31**

U.G. (CBCS) DEGREE EXAMINATION, NOVEMBER 2014.

Third Semester

Part I — Malayalam

Paper III — THEATRE MOVEMENT AND CREATIVE LITERATURE

(For those who joined in July 2012 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. നളൻ ഏതു രാജ്യത്തെ രാജാവാണ്?

   (a) കുണ്ഡിനം (b) വിദർഭം

   (c) നിഷധം (d) കൗസലം

2. 'ദക്ഷയാഗം' ആട്ടക്കഥ എഴുതിയതാര്?

   (a) ഇരയിമ്മൻ തമ്പി

   (b) കാർത്തിക തിരുനാൾ

   (c) കിളിമാനൂർ കോയിത്തമ്പുരാൻ

   (d) അശ്വതി തിരുനാൾ

3. 'നാഴിക തികച്ചൊരുനാൾ വാഴുവേനല്ലൊരേടത്തും' - ആര്?

   (a) നാരദൻ (b) നളൻ

   (c) ഇന്ദ്രൻ (d) ഭീമൻ

4. 'മനോരാജ്യക്കാരിയായ ശകുന്തള ഏതോ ഒരു മാന്യനെ പൂജിക്കാതെ തെറ്റു വരുത്തിവെച്ചു' - ആരാണീ മാന്യൻ?

   (a) നാരദൻ (b) കണ്വൻ

   (c) ഇന്ദ്രൻ (d) ദുർവ്വാസാവ്

5. മഹാത്മാക്കളുടെ ബുദ്ധി ഏതു വിഷയത്തിലാണ് എത്താത്തത്? - ആരാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്?

   (a) ശാർങ്ഗരവൻ (b) അനസൂയ

   (c) കശ്യപൻ (d) ഗൗതമി

6. 'ചിലപ്പോൾ ഞാനെല്ലാം മറന്നു പോകുന്നു. എന്റെ മകനെ കൊന്നവരുടെ രക്തം കുടിക്കാൻപോലും തോന്നിപ്പോകും' - ആരുടെ വാക്കുകളാണിത്?

   (a) സേനാനി (b) മേധ

   (c) സാറ (d) സ്നേഹ



Nesamony Memorial Christian College, Marthandam

7. ''എന്റെ മാറിൽ വീണ ചോരയ്ക്കുപകരം, മുഴുവൻ കൗരവരുടെയും ചോര ഞാൻ കുടിക്കും!'' - ആരുടെ പ്രതിജ്ഞയാണിത്?

(a) കർണ്ണന്റെ

(b) അഭിമന്യുവിന്റെ

(c) അർജ്ജുനന്റെ

(d) ഭീമന്റെ

8. 'ശാകുന്തളം' നാടകത്തിൽ എത്ര അങ്കങ്ങൾ ഉണ്ട്?

(a) നാല്  (b) അഞ്ച്

(c) ആറ്  (d) ഏഴ്

9. 'സെല്ലുലോയ്ഡ്' എന്ന സിനിമയ്ക്ക് ആരുടെ ജീവിതമാണ് ആധാരം?

(a) ജെ.സി. ഡാനിയൽ  (b) കെ.സി. എബ്രഹാം

(c) സത്യൻ  (d) ശ്രീനിവാസൻ

10. തുള്ളൽ എത്ര വിധമുണ്ട്?

(a) രണ്ട്  (b) മൂന്ന്

(c) നാല്  (d) അഞ്ച്



## PART B — (5 × 5 = 25 marks)

ഓരോ ചോദ്യത്തിനും 250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) കഥകളി, ആട്ടക്കഥ എന്നിവ എന്തെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) നാരദൻ നളനെ സന്ദർശിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു? ആ സന്ദർശനം നളനിൽ എന്തെങ്കിലും മാറ്റം വരുത്തിയോ?

12. (a) 'അതിദുഃഖകാരണമിന്നാരാമ സഞ്ചരണം' - ആർക്ക്? എന്തുകൊണ്ട്?

അല്ലെങ്കിൽ

(b) ''വിഷ്ണു രമയ്ക്കു ; നിശയ്ക്കു ശശാങ്ക;
നുമയ്ക്കുഹരൻ ; നളനോർക്കുകിൽ നിനക്കും:''
- ആര്, ആരോട് പറയുന്നത്? സന്ദർഭം ഏത്?

13. (a) 'ഇനി എത്രയെത്ര വീരഗാഥകൾ എന്നെപ്പറ്റി ചമയ്ക്കാനിരിക്കുന്നു. ഈ യുദ്ധം കഴിയുമ്പോൾ ഞാനായിരിക്കും നായകൻ' - ഈ വാക്കുകൾകൊണ്ട് അഭിമന്യു ഉദ്ദേശിച്ചതെന്തായിരുന്നു? നാടകത്തിൽ അത് യാഥാർത്ഥ്യമായോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'സുഭദ്രയ്ക്കു സമനില തെറ്റിയിരിക്കുന്നു' - അർജ്ജുനൻ ഇങ്ങനെ പറഞ്ഞ സന്ദർഭമേത്?



Nesamony Memorial Christian College, Marthandam

14. (a) 'ഭയപ്പെടേണ്ട. അതിസ്നേഹം അനിഷ്ടശങ്കയ്ക്ക് ഇടം കൊടുക്കുന്നതാണ്' - വിവക്ഷിതം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'ആശാബന്ധം വിരഹക്ലേശം വലുതെങ്കിലും പൊറുപ്പിക്കും' - സന്ദർഭവും ആശയവും വിശദമാക്കുക.

15. (a) സ്യമന്തകം കാരണം അപവാദം കേൾക്കേണ്ടി വന്നതാർക്ക്? എന്തായിരുന്നു ആ അപവാദം?

അല്ലെങ്കിൽ

(b) "ഹന്ത കുരമാരക! ചൊല്ലേണം നീ
ചിന്തയിലെന്തു നിനക്കഭിലാഷം"
- ആര് ആരോട് ചോദിക്കുന്നത്? സന്ദർഭം ഏത്? വിശദമാക്കുക.

PART C — (5 × 8 = 40 marks)

ഓരോ ചോദ്യത്തിനും 500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) ആട്ടക്കഥാസാഹിത്യത്തിൽ ഉണ്ണായിവാര്യർക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക.

അല്ലെങ്കിൽ

(b) 'നളചരിതത്തിലെ നാടകീയത' എന്ന വിഷയത്തെക്കുറിച്ചൊരു ഉപന്യാസം തയ്യാറാക്കുക.



17. (a) ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്ക് യാത്ര അയച്ചശേഷമുള്ള കണ്വന്റെ മാനസികാവസ്ഥ വിവരിക്കുക.

അല്ലെങ്കിൽ

(b) ദീർഘാപാംഗനും ശകുന്തളയും തമ്മിലുള്ള ബന്ധം കാളിദാസൻ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? 'ശാകുന്തളം' നാലാമങ്കത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

18. (a) 'ആണ്ടുബലി' എന്ന നാടകത്തിന്റെ വർത്തമാനകാലപ്രസക്തി വെളിപ്പെടുത്തുക.

അല്ലെങ്കിൽ

(b) മേധയുടെ ചിത്രീകരണത്തിൽ നാടകകൃത്ത് വിജയിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

19. (a) 'ആണ്ടുബലി'യിലെ സ്നേഹയെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) മലയാള നാടകസാഹിത്യത്തെ സമ്പന്നമാക്കുന്നതിൽ സംസ്കൃതനാടകങ്ങൾ വഹിച്ച പങ്കെന്ത്? - പരിശോധിക്കുക.



Nesamony Memorial Christian College, Marthandam

20. (a) കുഞ്ചൻ നമ്പ്യാരുടെ രചനയുടെ ഏതെല്ലാം പ്രത്യേകതകൾ 'സ്യമന്തകം' തുള്ളലിൽ പ്രതിഫലിക്കുന്നു എന്ന് അന്വേഷിക്കുക.

അല്ലെങ്കിൽ

(b) നല്ലൊരു സിനിമയുടെ നിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പങ്ക് 'സെല്ലുലോയ്ഡ്' എന്ന സിനിമയെയും തിരക്കഥയെയും മുൻനിർത്തി വ്യക്തമാക്കുക.

---



Nesamony Memorial Christian College, Marthandam